## രജിസ്ട്രേഷൻ വകുപ്പിലെ നടപ്പിലാക്കാത്ത പദ്ധതികൾ

245 (1279) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബജറ്റ് പ്രസംഗങ്ങളിൽ രജിസ്ട്രേഷൻ വകുപ്പിൻ കീഴിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം ബജറ്റ് പ്രസംഗങ്ങളിൽ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

| വർഷം | നടപ്പിലാക്കാത്ത പദ്ധതി |
|---|---|
| 2011-12 | ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടില്ല. 2015 ആഗസ്റ്റ് മാസംമുതൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. |
| 2012-13 | 2012-13 സാമ്പത്തിക വർഷം പ്രഖ്യാപിച്ച രണ്ട് പദ്ധതികൾ ഭാഗീകമായി പൂർത്തിയാക്കുകയുണ്ടായി. സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ നെറ്റ് വർക്ക് മുഖാന്തിരം തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ എത്തിച്ചുകൊണ്ട് കേരളത്തിൽ ഭൂമി സംബന്ധമായ രജിസ്ട്രേഷൻ വിവരങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുന്ന പദ്ധതി എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പുരോഗമിക്കുകയാണ്. മറ്റൊരു പദ്ധതിയായ ഏകജാലക സംവിധാനം ജീവനക്കാരുടെ കുറവുമൂലം ഭാഗീകമായി മാത്രമേ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ. |

LIBRARY ARCHIVES Kerala Legislative Assembly

2013-14 തിരുവനന്തപുരം ജില്ലയിലെ 10 സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധി പുനർനിർണ്ണയിച്ചുകൊണ്ട് ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം നെറ്റ് വർക്കിംഗ് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുന്നതാണ്. തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമവും ഇൻഡ്യൻ സൊസൈറ്റി രജിസ്ട്രേഷൻ നിയമവും ഏകീകരിച്ചുകൊണ്ട് കേരളത്തിൽ പുതിയ സൊസൈറ്റി രജിസ്ട്രേഷൻ നിയമം നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനവും നടപ്പിലാക്കിയിട്ടില്ല.

2014-15 എടവണ്ണ ആസ്ഥാനമാക്കി പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടില്ല. എറണാകുളം ജില്ലയിലെ കുത്താട്ടുകുളത്ത് രജിസ്ട്രേഷൻ വകുപ്പിന്റെ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുവാനുള്ള പദ്ധതിക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

## ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം

246 (1280) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ ; ഇത് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പാലത്തിന്റെ പണി ദീർഘനാളായി സ്തംഭനത്തിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പാലത്തിന്റെ പണികൾ പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്നുമുതൽ ഉടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly